# കേരള കാർഷികസർവകലാശാല
## നാളികേര ഗവേഷണ കേന്ദ്രം, ബാലരാമപുരം
*Phone* (0471) 2400621, *e-mail* crsbalaram@kau.in


നമ്പർ. ബി. 367/11

തീയതി : 26.10.2022

**നോട്ടീസ്**

കട്ടച്ചൽക്കുഴി നാളികേര ഗവേഷണ കേന്ദ്രത്തിലെ സുരക്ഷാ ജോലികൾക്കായി ഒരു വർഷത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി താൽപ്പര്യമുള്ള വിമുക്ത ഭടന്മാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**വ്യവസ്ഥകളും നിബന്ധനകളും**

1. അപേക്ഷകർ മിലിട്ടറി/പാരാമിലിട്ടറി സർവ്വീസിൽ നിന്ന് വിരമിച്ചവരും 55 വയസ്സ് തികയാത്ത വരും ആയിരിക്കണം. ദിവസേന 12 മണിക്കൂർ ഡ്യൂട്ടി (പകൽ/രാത്രി) ചെയ്യാൻ തയ്യാറുള്ളവർ മാത്രം അപേക്ഷിച്ചാൽ മതിയാകും.
2. അപേക്ഷകൻ സ്റ്റേഷന്റെ 10 കി.മീ. ദൂരപരിധിക്കുള്ളിൽ സ്ഥിര താമസം ഉള്ളവരായിരിക്കണം.
3. അപേക്ഷകർ നല്ല കായികക്ഷമത ഉള്ളവരും പത്താംതരം പാസായവരുമായിരിക്കണം. കായികക്ഷമത പരീക്ഷ ഉണ്ടായിരിക്കുന്നതാണ്.
4. സുരക്ഷ ജോലികൾക്ക് നിയോഗിക്കപ്പെടുന്നവർ ക്രിമിനൽ പശ്ചാത്തലം ഉള്ളവരാകരുത്. ഏതെങ്കിലും കോടതിയിലോ പോലീസ് സ്റ്റേഷനിലോ ഇവർക്കെതിരായി കേസുകൾ നിലവിലില്ല എന്ന് സത്യവാങ്മൂലം നൽകേണ്ടതാണ്.
5. വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയിൽ പേര്, വയസ്സ്, ജനനതീയതി, പൂർണ്ണ മേൽവിലാസം, മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തിയിരിക്കണം.
6. അപേക്ഷയോടൊപ്പം ജനനത്തീയതി തെളിയിക്കുന്നതിനായി സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പും, ആധാർ കാർഡിന്റെ പകർപ്പും, മിലിട്ടറി ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ പകർപ്പും ഉള്ളടക്കം ചെയ്തിരിക്കണം.
7. സേവന കാലയളവിൽ ലഭിച്ച മെഡലുകളുടെയും അംഗീകാരങ്ങളുടെയും വിശദവിവരങ്ങൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
8. **അപേക്ഷകൾ 19.11.2022-ന് 9.30 AM മണിക്ക് മുമ്പായി പ്രൊഫസർ ആന്റ് ഹെഡ്, നാളികേര ഗവേഷണ കേന്ദ്രം, കട്ടച്ചൽക്കുഴി പി.ഒ., ബാലരാമപുരം** എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ എത്തിക്കേണ്ടതാണ്.
9. അപേക്ഷകർ 19.11.2022-ന് **10.00 AM** ന് കായിക ക്ഷമത പരീക്ഷയ്ക്കും അഭിമുഖത്തിനുമായി സ്റ്റേഷൻ മേധാവി അധ്യക്ഷനായ കമ്മിറ്റിയ്ക്ക് മുമ്പാകെ ഹാജരാകേണ്ടതാണ്.
10. തിരഞ്ഞെടുക്കപ്പെടുന്നവർ 200/- രൂപ (ഇരുന്നൂറ് രൂപാ മാത്രം) വിലയുള്ള സർക്കാർ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം തയ്യാറാക്കി ഒപ്പിട്ട് നൽകേണ്ടതാണ്.

11. ജോലിയിലിരിക്കുമ്പോൾ ക്രിമിനൽ കേസുകൾ ഉണ്ടാകുന്നപക്ഷം പ്രസ്തുത സംഭവം നടന്ന് 24 മണിക്കൂറിനകം സ്റ്റേഷൻ മേധാവിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

12. സുരക്ഷ ഉദ്യോഗസ്ഥരുടെ അശ്രദ്ധ മൂലമോ ജോലിയിലുണ്ടാകുന്ന വീഴ്ച മൂലമോ സർവകലാശാലയ്ക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് അവർതന്നെ ഉത്തരവാദിയായിരിക്കും. ഇത്തരത്തിലുള്ള നഷ്ടം സുരക്ഷ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതാണ്.

13. സുരക്ഷ ജീവനക്കാരന്റെ സാന്നിദ്ധ്യം കൃത്യവും കാര്യക്ഷമവും തടസ്സമില്ലാത്തതുമായിരിക്കണം. ഫാം മേധാവി/ഫാമിന്റെ ചാർജ്ജുള്ള ശാസ്ത്രജ്ഞന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് രാത്രി സമയത്തും, പകൽ സമയത്തും മാറി മാറി സെക്യൂരിറ്റി ജോലി നിർവ്വഹിക്കുവാൻ ജീവനക്കാരൻ ബാദ്ധ്യസ്ഥനാണ്.

14. സെക്യൂരിറ്റി ജോലികൾക്ക് നിയോഗിക്കുന്ന ജീവനക്കാർ അവർക്ക് വേണ്ട യൂണിഫോം, ഷൂ, ബെൽറ്റ് തുടങ്ങിയവ അവരുടെ സ്വന്തം ചെലവിൽ വാങ്ങേണ്ടതാണ്.

15. കരാർ അടിസ്ഥാനത്തിൽ വിന്യസിക്കപ്പെട്ട സെക്യൂരിറ്റി ജീവനക്കാർക്ക് അർഹമായ വേതനത്തിന് അല്ലാതെ സർവ്വകലാശാലയിലെ സ്ഥിരം നിയമത്തിനോ മറ്റ് ഏതെങ്കിലും വിധത്തിലുള്ള ആനുകൂല്യങ്ങൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.

16. സുരക്ഷ ഉദ്യോഗസ്ഥരുടെ വേതനത്തിൽ നിന്ന് നിയമാനുസൃതമുള്ള അർദ്ധ വാർഷിക തൊഴിൽ നികുതിയും നിയമാനുസൃതമുള്ള മറ്റ് നികുതികളും കുറവ് ചെയ്യുന്നതാണ്.

17. സെക്യൂരിറ്റി ജീവനക്കാരുടെ ജോലി സമയത്തെ നിയന്ത്രണമൊഴികെ അവരെ സംബന്ധിച്ച നിയമപരവും അല്ലാത്തതുമായ യാതൊരു ബാധ്യതയും ഈ സ്ഥാപനമോ സർവകലാശാലയോ ഏറ്റെടുക്കുന്നതല്ല.

18. ഏതെങ്കിലും സാഹചര്യത്തിൽ സുരക്ഷാ ഉദ്യോഗസ്ഥന്റെ സേവനം തൃപ്തികരമല്ലാതെ കണ്ടാൽ മുൻകൂർ നോട്ടീസ് നൽകാതെ തന്നെ പിരിച്ചുവിടാനുള്ള പൂർണ്ണ അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

ഒപ്പ്/-
**പ്രൊഫസർ ആന്റ് ഹെഡ്**

പകർപ്പ്:
1. അസിസ്റ്റന്റ് പ്രൊഫസർ (ഫാം ഇൻ ചാർജ്ജ് )
2. ഫാം മാനേജർ ഗ്രേഡ്-I
4. കോട്ടുകാൽ/വെങ്ങാനൂർ/വിഴിഞ്ഞം/ബാലരാമപുരം വില്ലേജ് ഓഫീസ്
5. കോട്ടുകാൽ/വെങ്ങാനൂർ/വിഴിഞ്ഞം/ബാലരാമപുരം പഞ്ചായത്ത് ഓഫീസ്
6. കെ.എ.യു. വെബ്സൈറ്റ്
7. കരുതൽ ശേഖരം/മിച്ചം

**അഡ് മിനിസ്റ്റേറ്റീവ് അസിസ്റ്റന്റ്**